മരണം കൊലപാതകമാണെന്നും ഉന്നതതലത്തിൽ കേസന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി). പ്രസ്തുത സംഭവത്തിന് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 233/99 നമ്പർ കേസ് കാസർഗോഡ് ഡിവൈ. എസ്.പി. ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

62 (1657) സുർജ്ജിത്തിനെ മർദ്ദിച്ച സംഭവം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പാരിപ്പള്ളി ചാവർകോട് മായാമന്ദിരത്തിൽ ആർ. സുർജിത്ത് എന്ന യുവാവ് പോലീസ് മർദ്ദനത്തിന്റെ ഫലമായി വർക്കല ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ മാസങ്ങളോളം ചികിത്സയിൽ കഴിഞ്ഞ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(സി) മനുഷ്യാവകാശ കമ്മിഷൻ ഈ കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി)&(സി) ബാധകമല്ല.

63 (1658) ഇല്യാസ്കുഞ്ഞിനെ ആക്രമിച്ച സംഭവം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കറ്റാനം ഇലിപ്പക്കുളം മുറിയിൽ കോട്ടാർ വയലിൽ വീട്ടിൽ എം. ഇല്യാസ്കുഞ്ഞിനെ 1999 നവംബർ മാസം 16-ാം തീയതി ഓട്ടോറിക്ഷയിലെത്തിയ അക്രമിസംഘം ആക്രമിച്ചത് സംബന്ധിച്ച് വള്ളിക്കുന്നം പോലീസ് സ്റ്റേഷനിലെ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്;

(ബി) ഈ പ്രതികളെ എത്രയുംവേഗം അറസ്റ്റ് ചെയ്യുന്നതിന് സർക്കാർ നടപടിയെടുക്കുമോ;

(സി) പരാതിക്കാരന്റെ ജീവനും സ്വത്തിനും ഭീഷണിയുള്ളതായി ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ബി) പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(സി) ഉണ്ട്. ഇക്കാര്യത്തിൽ സർക്കാരിൽ ലഭിച്ചിട്ടുള്ള പരാതിയിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

64 (1659) ശ്രീ. ഇ.എം. അഗസ്തി എം.എൽ.എ. യെ ആക്രമിച്ച സംഭവം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് വേളയിൽ ശ്രീ. ഇ.എം. അഗസ്തി എം.എൽ.എ. യെ ഉടുമ്പൻചോലയിലെ ചെമ്മണ്ണാറിൽ വച്ച് ആക്രമിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണ് അക്രമികൾ എന്ന് വെളിപ്പെടുത്താമോ; ഇവർ ഏത് രാഷ്ട്രീയപ്പാർട്ടിയുമായി ബന്ധമുള്ളവരാണെന്ന് വ്യക്തമാക്കുമോ;

(സി) അക്രമികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ശ്രീ. ഇ.എം. അഗസ്തി എം.എൽ.എ. യെ ആക്രമിച്ച കേസിൽ സുനിൽകുമാർ, മാത്യു, രഘുനാഥൻ നായർ, ജോൺ, ബാബു ജോർജ്ജ് എന്നിവരെ പ്രതി ചേർത്ത് ഐ.പി.സി. 143, 144,147,148,341, 294(ബി), 506 (99), 324, 149 എന്നീ വകുപ്പുകളനുസരിച്ച് ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 199/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളുടെ രാഷ്ട്രീയബന്ധം വ്യക്തമല്ല.

65 (1660) കാർഗിലിൽ വീരമൃത്യു വരിച്ച ജവാൻമാരുടെ കുടുംബത്തിന് നൽകിയ സഹായധനം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാർഗിൽ പോരാട്ടത്തിൽ വീരമൃത്യു വരിച്ച ജവാൻമാരുടെ കുടുംബങ്ങൾക്ക് ഗവൺമെന്റ് സഹായധനം നൽകിയ ഇനത്തിൽ ആകെ എത്ര തുകയാണ് ചെലവിടേണ്ടിവന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാർഗിൽ യുദ്ധത്തിലും തുടർന്നുള്ള ജമ്മുകാശ്മീരിലെ സൈനിക നടപടികളിലുമായി വീരമൃത്യു വരിച്ച ജവാൻമാരുടെ കുടുംബങ്ങൾക്ക് സഹായധനം നൽകിയ ഇനത്തിൽ 85 ലക്ഷം രൂപ ചെലവിടേണ്ടിവന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly